പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 142 27.06.2011 - ൽ മറുപടിക്ക്

## നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക

**ചോദ്യം**

ശ്രീ. പി. സി. ജോർജ്ജ്
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. റോഷി അഗസ്റ്റിൻ

**ഉത്തരം**

ശ്രീ. റ്റി. എം. ജേക്കബ്

( ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി )

(എ) നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോ കർഷകർക്ക് കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ടോ; എങ്കിൽ ആകെ എന്ത് തുകയാണ് കുടിശ്ശികയിനത്തിൽ നൽകുവാനുള്ളത്;

(എ) നെല്ല് സംഭരിച്ച വകയിൽ നാളിതുവരെ 165.7 കോടി രൂപയാണ് കർഷകർക്ക് കുടിശ്ശികയിനത്തിൽ നൽകുവാനുള്ളത്.

(ബി) കഴിഞ്ഞ അഞ്ചു വർഷ കാലം ഓരോ സാമ്പത്തിക വർഷവും കർഷകരിൽ നിന്ന് എത്ര അളവ് നെല്ല് സംഭരിച്ചു; ഈ വകയിൽ എന്തു തുക വീതം കർഷകർക്ക് നൽകി; കുടിശ്ശിക ഉണ്ടായിരുന്നോ എത്ര വീതം;

(ബി). സെപ്തംബർ മാസത്തിൽ തുടങ്ങി ഡിസംബറിൽ അവസാനിക്കുന്ന ഒന്നാം വിളയും ജനുവരിയിൽ തുടങ്ങി മെയ്മാസത്തിൽ അവസാനിക്കുന്ന രണ്ടാം വിളയുമായിട്ടാണ് സപ്ലൈകോ നെല്ലു സംഭരണം നടത്തുന്നത്. ഇപ്രകാരം സെപ്തംബറിൽ തുടങ്ങി മെയിൽ അവസാനിക്കുന്ന കഴിഞ്ഞ 5 വർഷങ്ങളിലെ നെല്ലുസംഭരണത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | സംഭരിച്ച നെല്ല് (ക്വിന്റൽ) | കൊടുത്ത തുക (രൂപ) |
|---|---|---|
| 2006 – 07 | 2260767. 24 | 1921652154.00 |
| 2007 – 08 | 2513140.18 | 2432239982.00 |
| 2008 – 09 | 3542941. 40 | 3897235537.00 |
| 2009 –2010 | 3892462.96 | 4670955550.00 |
| 2010 – 11 (19/06/11 വരെ) | 3870859.32 | 2292998849.00 |

2006 - 07 മുതൽ 2009 - 10 വരെയുള്ള വർഷങ്ങളിലെ തുക പൂർണമായും കർഷകരുടെ ബാങ്ക് അക്കൗണ്ടുകളി ലേക്ക് നൽകിയിട്ടുണ്ട് 2010-11 വർഷ ത്തിൽ 165.7 കോടി രൂപ ഇനിയും കർഷകർക്ക് നൽകുവാനുണ്ട്

(തുടർച്ച ......2)

| | |
|---|---|
| (സി) കടക്കെണിയിൽ കഴിയുന്ന നെൽകർഷകരെ സഹായിക്കുന്നതിന് നെല്ല് സംഭരിച്ച വകയിൽ ഇവർക്ക് കൊടുത്തുതീർക്കാനുള്ള മുഴുവൻ തുകയും പലിശയടക്കം നൽകാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ; | (സി) ഓവർ ഡ്രാഫ്റ്റ് മുഖേന കർഷകരുടെ കുടിശ്ശിക തീർക്കുവാനുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോയ്ക്ക് നൽകേണ്ടതായ സർക്കാർ വിഹിതം അടിയന്തിരമായി നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ